പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: **948**

**08.01.2014** ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ചേർത്തല മണ്ഡലത്തിലെ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ചേർത്തല മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള പ്രവൃത്തികൾ എതെല്ലാമാണെന്നും അവ ഓരോന്നിനും വിനിയോഗിച്ച തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ചേർത്തല മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ചേർത്തല മണ്ഡലത്തിലെ ഏതെല്ലാം പൊതുകുളങ്ങൾ സംരക്ഷിക്കാനും ആഴം കൂട്ടുന്നതിനുമാണ് കുട്ടനാട് പാക്കേജിൽ തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇവ ഓരോന്നിന്റെയും വിശദവിവരം നൽകുമോ? | (ബി) | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | പേര് | എസ്റ്റിമേറ്റ് തുക (ലക്ഷം) | ചെലവാക്കിയ തുക (ലക്ഷം) | വിശദീകരണം |
|---|---|---|---|---|
| 1 | പട്ടണക്കാട് പഞ്ചായത്തിലെ വെട്ടക്കൽ എ ബ്ലോക്ക്, ചെമ്പകശ്ശേരിപാടശേഖരങ്ങളുടെ പുറം ബണ്ട് സംരക്ഷണം | 182.00 | 0 | പ്രവൃത്തി ആരംഭിച്ചു |
| 2 | വയലാർ പഞ്ചായത്തിലെ പുല്ലൻചിറ പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം | 165.00 | 0 | പ്രവൃത്തി ആരംഭിച്ചു |
| 3 | വയലാർ പഞ്ചായത്തിലെ പ്ലാശ്ശേരിചിറ പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം | 32.40 | 16.36 | പുരോഗതിയിൽ |
| 4 | വയലാർ പഞ്ചായത്തിലെ കുട്ടൻകരി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 44.45 | 20.24 | പുരോഗതിയിൽ |
| 5 | വയലാർ പഞ്ചായത്തിലെ ഇളംപാടം പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 29.95 | 29.62 | പുരോഗതിയിൽ |
| 6 | മുഹമ്മ പഞ്ചായത്തിലെ പെരുംതുരുത്തുകരി പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 165.50 | 0 | പ്രവൃത്തി ആരംഭിച്ചു |
| 7 | തണ്ണീർമുക്കം പഞ്ചായത്തിലെ പൊതിമംഗലം പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 148.00 | 0 | പ്രവൃത്തി ആരംഭിച്ചു |
| 8 | തണ്ണീർമുക്കം പഞ്ചായത്തിലെ പുഞ്ചപ്പാടം പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 81.50 | 0 | പ്രവൃത്തി ആരംഭിച്ചു |
| 9 | തണ്ണീർമുക്കം പഞ്ചായത്തിലെ കാക്കത്തുരുത്ത് പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം | 113.00 | 0 | പ്രവൃത്തി ആരംഭിച്ചു |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്